**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** | **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനം പട്ടികവർഗ്ഗ വിഭാഗത്തിന്റെ സർവതോന്മുഖമായ വികസനത്തിന് സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും, ആരോഗ്യ-സാമൂഹിക-സാമ്പത്തിക ഉന്നമനം സാധ്യമാക്കുന്നതിനും കഴിഞ്ഞ 50 വർഷം കൊണ്ട് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.** |
| (ബി) | ആധുനിക കാലത്തിന്റെയും പുത്തൻ സാങ്കേതികവിദ്യയുടെയും വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് കരുത്തുറ്റ സമൂഹമായി പട്ടികവർഗ്ഗ യുവജനതയെ മാറ്റുന്നതിന് വകുപ്പിന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **ആധുനിക കാലത്തിന്റെ പുത്തൻ സാങ്കേതികവിദ്യയുടെ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് പട്ടികവർഗ്ഗ യുവജനതയെ ഒരു കരുത്തുറ്റ സമൂഹമാക്കി മാറ്റുന്നതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.**<br><br>**സാങ്കേതിക വിദ്യയുടെ വേഗതയോടൊപ്പം സഞ്ചരിക്കാനും അതിനെ അവരുടെ ഉന്നമനത്തിനായി ഉപയോഗിക്കാനും യുവജനങ്ങളെ പ്രാപ്തരാക്കുവാനും ചുവടെ പറയുന്ന പ്രവർത്തനങ്ങളിലൂടെ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.** |
| (സി) | വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം സമയബന്ധിതമായി ലഭിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആധുനികവൽക്കരണം സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | **വിവിധ പദ്ധതികളുടെ നേട്ടങ്ങൾ ഗുണഭോക്താക്കൾക്ക് കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നേരിട്ട് എത്തിക്കുവാൻ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആധുനികവൽക്കരണം സഹായകമായിട്ടുണ്ട്.**<br><br>**സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിന്റെ ആസ്ഥാന കാര്യാലയം മുതൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് വരെയുള്ള സ്ഥാപനങ്ങൾ ഇ-ഓഫീസ് സംവിധാനത്തിന്റെ പരിധിയിൽ** |

| | | | |
|---|---|---|---|
| | | | **കൊണ്ടുവന്നിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.** |
| (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭാവി ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | **പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച് 50 വർഷം പൂർത്തിയാക്കുന്ന ഈ വർഷം, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി ഇക്കാലയളവിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളും സംരംഭങ്ങളും വകുപ്പിന്റെ നേട്ടങ്ങളും പ്രവർത്തനങ്ങളും അവലോകനം ചെയ്യും.**<br><br>**സുവർണ്ണ ജൂബിലിയുടെ ഭാഗമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ച് പട്ടികവർഗ്ഗ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

കേരളത്തിലെ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിലെ സാമ്പത്തിക വളർച്ച, സാമൂഹിക ശാക്തീകരണം, വിദ്യാഭ്യാസം, മെച്ചപ്പെട്ട അടിസ്ഥാന ഭൗതിക സാഹചര്യങ്ങളുടെ ഉറപ്പാക്കൽ, തനതായ കലാ-സാംസ്കാരിക-പൈതൃകങ്ങളുടെ ഉദ്ബോധനം, കായികശേഷി പരിപോഷിപ്പിക്കൽ, ശുദ്ധജല ലഭ്യത, ആരോഗ്യപരമായ അന്തരീക്ഷം എന്നിവ ഉറപ്പുവരുത്തി പൊതു സമൂഹത്തിലേയ്ക്ക് അവരെ ഉയർത്തി പരാമർശിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് നഴ്സറിതലം മുതൽ പൈലറ്റ് പരിശീലനകോഴ്സുകളിൽ വരെ പഠനസഹായം ഉറപ്പു വരുത്തുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഐടിഐകൾ, നഴ്സറി സ്കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങി വിദ്യാഭ്യാസപ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്ന നിരവധി സ്ഥാപനങ്ങൾ നിലവിലുണ്ട്. സാമൂഹ്യപഠനമുറി, സ്കോളർഷിപ്പ്, ഹോസ്റ്റൽ സൗകര്യം, എൻട്രൻസ് പരിശീലനം, ലാപ്ടോപ്പ്, പാരലൽ കോളേജിലെ പഠനസഹായം, സിവിൽ സർവ്വീസ് പരിശീലനം, മത്സരപരീക്ഷാപരിശീലനം, വിദേശ പഠന സ്കോളർഷിപ്പ്, അഭിഭാഷക പരിശീലനം തുടങ്ങിയവ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളിൽ ഉൾപ്പെടുന്നു.

സാമ്പത്തിക ഉന്നമനത്തിനായി വിവിധ തൊഴിൽ പരിശീലനങ്ങൾ, സംരംഭകത്വം ആരംഭിക്കുന്നതിനുള്ള ധനസഹായങ്ങൾ, ഉൽപന്ന പ്രദർശന വിപണന മേളകൾ, ട്രൈബൽ പ്ലാൻ പദ്ധതി മുതലായ നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. വിവാഹധനസഹായം, മിശ്രവിവാഹിതർക്ക് ധനസഹായം, ചികിത്സാധനസഹായം, ഏകവരുമാനദായകൻ അന്തരിച്ച കുടുംബത്തിനുള്ള ധനസഹായം തുടങ്ങി വ്യത്യസ്തമായ സാമൂഹ്യ ക്ഷേമപദ്ധതികളും നടപ്പാക്കി വരുന്നു. സാംസ്കാരിക മേഖലയിലെ ഉണർവ്വിനായി നടപ്പിലാക്കുന്ന നാടൻ കലാമേളയായ ഗദ്ദിക, സർഗ്ഗോത്സവം, കായിക പ്രോത്സാഹനത്തിനായി കളിക്കളം തുടങ്ങിയവ പൊതുസമൂഹത്തിലാകെ ശ്രദ്ധേയമാണ്. അതിക്രമം തടയൽ നിയമം കർശനമായി നടപ്പാക്കുന്നതിനായി പ്രത്യേക ഇടപെടലുകളും നടത്തിവരുന്നുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭവന പുനരുദ്ധാരണം (SAFE), അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുന്ന പദ്ധതികളും നിർവ്വഹിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം – 2</u>

## <u>സാമൂഹ്യ പഠനമുറി</u>

വിദ്യാഭ്യാസത്തിലൂടെ വികസനം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് സാമൂഹ്യ പഠനമുറി എന്ന പദ്ധതി തയ്യാറാക്കിയത്. **കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഊരിൽത്തന്നെ ആധുനിക രീതിയിലുള്ള പഠന സൗകര്യങ്ങൾ (കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി)** ഉറപ്പുവരുത്തിക്കൊണ്ട് സാമൂഹ്യപഠന മുറികൾ ആരംഭിച്ചു. **പഠന കാര്യങ്ങളിൽ സഹായിക്കുന്നതിന് ഒരു ഫെസിലിറ്റേറ്ററെ നിയമിച്ചിട്ടുണ്ട്. 364 സാമൂഹ്യപഠന മുറികൾ ആരംഭിച്ചിട്ടുണ്ട്. ഇവയിൽ 54** എണ്ണം മോഡൽ സാമൂഹ്യപഠന മുറികളായി അപ്ഗ്രേഡ് ചെയ്ത് മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നതിനും ലൈബ്രറികളാക്കി മാറ്റാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## <u>ഇന്റർനെറ്റ് കണക്ടിവിറ്റി</u>

ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമല്ലാതിരുന്ന ഉന്നതികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിവരുന്നു. ഇതിലൂടെ ഡിജിറ്റൽ പഠന രംഗത്ത് സമാനതകളില്ലാത്തവിധം മുന്നേറ്റം സാധ്യമാക്കി.

## <u>മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ</u>

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും ആധുനിക വിദ്യാഭ്യാസ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനും നിരവധി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുവാൻ വകുപ്പിന് കഴിഞ്ഞു. സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, കരിയർ ഗൈഡൻസ് & കൗൺസിലിംഗ്, സി.സി.റ്റി.വി, നവീകരിച്ച അടുക്കള സംവിധാനങ്ങൾ, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പദ്ധതി തുടങ്ങിയ വിപുലമായ സൗകര്യങ്ങൾ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികളുടെയും ആരോഗ്യകാര്യങ്ങൾ രേഖപ്പെടുത്തുന്നതിനായി ഹെൽത്ത് കാർഡ് വിതരണം ചെയ്ത് രാജ്യത്തിനു തന്നെ മാതൃകയായി.**

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രവേശനത്തിനുള്ള വരുമാന പരിധി വർദ്ധിപ്പിച്ചു. **കുട്ടികൾക്ക് പഠനത്തിന് ദിശാബോധം നൽകുന്നതിനായി കരിയർ സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പൂർവ്വ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സംഗമങ്ങൾ നടത്തി. വിദ്യാർത്ഥികൾക്കായി ജീവിത നൈപുണി ക്ലാസുകളും സംഘടിപ്പിച്ചു വരുന്നുണ്ട്.**

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, വിക്രം സാരാഭായി സ്പെയ്സ് സെന്റർ,** ടെക്നോപാർക്ക് എന്നിവയുടെ സഹകരണത്തോടെ വിജ്ഞാന വ്യാപന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

## <u>പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പിന്തുണ</u>

മെഡിസിൻ, എൻജിനീയറിംഗ്, നിയമം തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. ഇത് കൂടുതൽ യുവജനങ്ങളെ ഉന്നത വിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കാൻ സഹായിച്ചു. വിദേശ പഠനത്തിനുള്ള സഹായം, പൈലറ്റ് പരിശീലനത്തിനുള്ള സാമ്പത്തിക സഹായം എന്നിവയിലൂടെ പട്ടികവർഗ്ഗ യുവജനതയെ കരുത്തുറ്റ സമൂഹമായി മാറ്റുന്നതിന് വലിയൊരു പങ്കുവഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## ഉന്നതി വിദേശ പഠന സ്കോളർഷിപ്പ്

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിൽ ബിരുദാനന്തര ബിരുദ ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് **ഉന്നതി വിദേശ പഠന സ്കോളർഷിപ്പ്**. വിജ്ഞാനത്തിന്റെയും ആഗോള തൊഴിൽ മേഖലയുടെയും വിശാലമായ ലോകത്തേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

- ബിരുദാനന്തര ബിരുദ പഠനത്തിനായി ഒരു വിദ്യാർത്ഥിക്ക് 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് ലഭിക്കും.
- ഒരു വർഷം 310 വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പ് ലഭിക്കുന്നത്. ഇതിൽ 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സ്കോളർഷിപ്പ് ലഭിക്കും.
- ടൈംസ് ഹയർ എജ്യുക്കേഷൻ റാങ്കിംഗ് പ്രകാരം ലോകത്തിലെ മികച്ച 500 സർവകലാശാലകളിൽ പ്രവേശനം നേടുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക.
- പെൺകുട്ടികൾ, ശാരീരിക വൈകല്യമുള്ളവർ, ഏക രക്ഷിതാവുള്ള കുട്ടികൾ എന്നിവർക്ക് അപേക്ഷകളിൽ മുൻഗണനയുണ്ട്.
- പദ്ധതിക്ക് കീഴിൽ ഇതുവരെ 95 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി.
- സ്കോളർഷിപ്പിന് പുറമേ, വിസ അപേക്ഷ, കൗൺസിലിംഗ് സെഷനുകൾ, നിയമ സഹായം, ആരോഗ്യ ഇൻഷ്വറൻസ് എന്നിവ നൽകി വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ പഠനം ഉറപ്പാക്കുന്നു. ഇത് ഏജന്റ്/ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും വിദ്യാർത്ഥികളെ സംരക്ഷിക്കുന്നു.

**TRACE (Training for Career Excellence):**

- ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്ന പദ്ധതിയാണിത്. എഞ്ചിനീയറിംഗ്, നഴ്സിംഗ്, നിയമം, പാരമെഡിക്കൽ തുടങ്ങി വിവിധ മേഖലകളിൽ ഹോണറേറിയത്തോടെയുള്ള ഇന്റേൺഷിപ്പ് ഇത് വഴി ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം - 3

സമഗ്രമായ പട്ടികവർഗ വികസന ക്ഷേമപ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 50 വർഷങ്ങൾ തികയുന്ന വേളയിൽ സുവർണ ജൂബിലി ആഘോഷങ്ങളുടെ ആസൂത്രണവും നടത്തിപ്പും സംബന്ധിച്ച് രൂപീകരിച്ച ടാസ്ക് ഫോഴ്സ് ലഭ്യമാക്കിയ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ചുവടെ പറയുന്ന വിഷയങ്ങൾക്ക് സർക്കാർ അനുമതിയോടു കൂടി മുൻഗണന നൽകി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

1. സുവർണ്ണ ജൂബിലി വർഷത്തിൽ, എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും ഭൂമി ഉറപ്പാക്കി ഭൂരഹിത പട്ടികവർഗ്ഗ വിഭാഗക്കാർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക.
2. ഫോറസ്റ്റ് വില്ലേജുകൾ റവന്യൂ വില്ലേജ് ആക്കി സമയബന്ധിതമായി പരിവർത്തനം ചെയ്യൽ, വനാവകാശപ്രകാരം നൽകിയ സ്ഥലത്തിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ പൂർത്തിയാക്കൽ.
3. എല്ലാ ഉന്നതികളിലും റോഡ്, കുടിവെള്ളം, വൈദ്യുതി, ഇന്റർനെറ്റ്, ശ്മശാനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കൽ - പുതിയ പദ്ധതി പ്രഖ്യാപനം
4. എല്ലാ പട്ടികവർഗ്ഗക്കാർക്കും അടിസ്ഥാന രേഖകൾ ഉറപ്പാക്കുന്ന ABCD പദ്ധതിയുടെ പൂർത്തീകരണം.
5. പട്ടികവർഗ്ഗ വിഭാഗക്കാരിലെ അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രഖ്യാപനം
6. സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ ദുരന്തസാധ്യതയുള്ള പട്ടികവർഗ്ഗ ഉന്നതികളിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ.
7. എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാരേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ സംരക്ഷണം ഉറപ്പാക്കൽ - രാജ്യത്തെ ആദ്യ സംസ്ഥാന പ്രഖ്യാപനം.
8. എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും സിക്കിൾസെൽ അനീമിയ സ്ക്രീനിംഗ് ടെസ്റ്റ്, കൗൺസിലിംഗ് എന്നിവ നടത്തി ആരോഗ്യപരിപാലനം ഉറപ്പുവരുത്തൽ. ചികിത്സ ഏകോപനത്തിനും രോഗബാധിതരെ സഹായിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കൽ.
9. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സമ്പൂർണ്ണ എൻറോൾമെന്റ് ഉറപ്പുവരുത്തൽ, കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കൽ.
10. സാമൂഹ്യ പഠനമുറിക്ക് പുറമേ വിദ്യാർത്ഥികൾക്ക് 2.5 ലക്ഷം രൂപ ചെലവഴിക്കുന്ന സ്മാർട്ട് പഠന മുറി-പുതിയ പദ്ധതി പ്രഖ്യാപനം.
11. ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയാസ് പദ്ധതി ആവശ്യമായ മറ്റ് മേഖലകളിലേയ്ക്കും വ്യാപിപ്പിക്കൽ.
12. കാറ്റാടി പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കൽ

13. 5,000 പട്ടികവിഭാഗ യുവതയ്ക്ക് സ്ഥിര വരുമാനമുള്ള തൊഴിൽ ലഭ്യമാക്കുന്ന ഉന്നതി വിജ്ഞാന തൊഴിൽ ഹബ്ബ് മിഷൻ പ്രവർത്തനം.

14. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 100 തൊഴിൽ ദിനങ്ങൾ നൽകുന്നതിന് പുറമെ, സംസ്ഥാന സർക്കാർ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ, അതത് പട്ടികവർഗ്ഗ മേഖലകളിലെ പരമ്പരാഗത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കൽ, മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ, മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കൽ.

15. പട്ടികവർഗ്ഗ മേഖലയിലെ ഫാമിംഗ് സൊസൈറ്റി/കോർപ്പറേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അപെക്സ് സംഘം രൂപീകരിച്ച് ഏകോപിപ്പിക്കുക.

16. ഫാമിംഗ് സൊസൈറ്റികളിലെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ ആവശ്യകത സൃഷ്ടിക്കാനും അതുവഴി കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാനും അപെക്സ് സംഘം വഴി വിപണനം ശക്തിപ്പെടുത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും മുൻഗണന നൽകും.

17. RIDF/KIIFB പദ്ധതിപ്രകാരം ആറളം ഫാമിൽ നിർമ്മാണം പൂർത്തീകരിച്ച സ്കൂൾ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക, ഫിഷറീസ്, വെറ്ററിനറി സർവ്വകലാശാലകളുടെ ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പെടുത്തിയുള്ള സുവർണ്ണ ജൂബിലി ട്രെയിനിംഗ് കേന്ദ്രം ആരംഭിക്കാൻ ലക്ഷ്യംവയ്ക്കുന്നു.

18. അപെക്സ് സംഘം ഉപയോഗപ്പെടുത്തി ആറളം ഫാമിലെ സപ്ലൈകോ ഔട്ട്ലെറ്റുകൾ, മൃഗാശുപത്രി, കൃഷിഭവൻ, മിൽക്ക് സൊസൈറ്റി കെട്ടിടങ്ങൾ അതത് വകുപ്പുകളുടെ സഹകരണത്തോടെ പ്രയോജനപ്പെടുത്തുക. ജലലഭ്യത പ്രയോജനപ്പെടുത്തി കേന്ദ്രീകൃത ജലസേചന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

19. എൻ ഊര് പദ്ധതി ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതകൾ കൂടി ഉൾക്കൊള്ളിച്ച് സംസ്ഥാനത്തെ പ്രധാനപ്പെട്ട തദ്ദേശീയ കേന്ദ്രങ്ങളെ ഉൾക്കൊള്ളിച്ച് എത്തിക് ടൂറിസം ട്രാവൽ ടൂറിസം പദ്ധതിയായി വിപുലീകരിക്കുക.

20. സംസ്ഥാനത്ത് CMD വഴി വിവിധ നിർമ്മാണ ജോലികൾക്ക് പരിശീലനം നല്കിയ 85 ഗോത്ര ജീവിക സംഘങ്ങളെ സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ച് ഫെഡറേഷൻ രൂപീകരിക്കുക.

21. KIRTADS തയ്യാറാക്കിയിട്ടുള്ള തദ്ദേശീയ വൈദ്യന്മാരുടെ അറിവ് സംരക്ഷിക്കുന്നതിനും ഏകീകരിക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പിലാക്കുക.

സെക്ഷൻ ഓഫീസർ